5. റവന്യൂ ഡിവിഷണൽ ഓഫീസർമാർ (സബ് ഡിവിഷണൽ മജിസ്ട്രേറ്റ്)
6. സബ്ഡിവിഷണൽ പോലീസ് ഓഫീസർമാർ (ക്രമസമാധാനം).

താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റൽ വാഹനങ്ങൾക്ക് ചുവപ്പും നീലയും വെള്ളയും ഇടകലർന്ന വർണ്ണത്തിലുള്ള ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

പോലീസ് വകുപ്പ്:

1. ഹൈവേ പോലീസ് വെഹിക്കിൾസ്
2. പോലീസ് കൺട്രോൾ റൂം വെഹിക്കിൾസ്
3. ഫ്ളയിംഗ് സ്കാഡ് വെഹിക്കിൾസ്
4. പോലീസ് സ്റ്റേഷൻ വെഹിക്കിൾസ്.

മോട്ടോർ വാഹന വകുപ്പ്:

മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് വാഹനങ്ങൾ.

ഫയർഫോഴ്സ്

ഫയർ ടെൻഡേർസിനും ഫയർ സ്റ്റേഷൻ വാഹനങ്ങൾക്കും.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 177 അനുസരിച്ച് 100 രൂപ മുതൽ 300 രൂപ വരെ കോടതിക്ക് പിഴ ചുമത്താവുന്നതാണ്.

(സി, ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്വകാര്യ മേഖലയിൽ നിർമ്മിക്കാൻ അനുമതി നൽകിയ മിനി തുറമുഖങ്ങൾ

*24 [625] ശ്രീ. ഷിബു ബേബിജോൺ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ മിനി തുറമുഖങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ എത്ര മിനി തുറമുഖങ്ങൾക്ക് എം. ഒ. യു. ഒപ്പുവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര മിനി തുറമുഖങ്ങൾക്കു വേണ്ടി ബി. ഒ. ടി. കരാർ ഒപ്പുവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുറമുഖങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മിനി തുറമുഖങ്ങൾ നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല.

(ബി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതി

*25 [626] ശ്രീ. കെ. നാരായണ കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതിയുണ്ടോ;

(ബി) സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇത്തരം വായ്പകൾക്ക് പലിശയിൽ ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വിശദാംശങ്ങൾ അറിയിക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ നൽകുന്നതിന് അനുവദിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 3/2000).

(ബി) ഭവന നിർമ്മാണ വായ്പയുടെ പരിധി 3 ലക്ഷവും കാലാവധി പരമാവധി 5 വർഷവും, ഓഹരി അനുപാതം 1% വും ആണ്. എന്നാൽ നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും പുനർ വായ്പ ലഭിക്കുന്ന പദ്ധതി അനുസരിച്ചുള്ള വായ്പകൾക്ക് ഈ പരിധി ബാധകമല്ല. സംഘങ്ങളുടെ നിക്ഷേപത്തിന്റെ 15%-ൽ അധികരിക്കാതെ ഭവന നിർമ്മാണത്തിനുള്ള വായ്പ അനുവദിക്കാവുന്നതാണ്. 50,000 രൂപ വരെയുള്ള വായ്പ ആൾ ജാമ്യത്തിലും അതിനുമേലുള്ള വായ്പകൾ വസ്തു ജാമ്യത്തിലും നൽകാവുന്നതാണ്. എന്നാൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംഘങ്ങളുടെ വിഭവശേഷി പരിഗണിച്ച് വായ്പ നൽകാൻ നിയമാവലി വ്യവസ്ഥയില്ലാത്ത സംഘങ്ങൾ ഇതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കേണ്ടതും ആവശ്യമായ വായ്പാ ഉപ നിബന്ധന തയ്യാറാക്കി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly